# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 330** **29.06.2016- ൽ മറുപടിക്ക്**

## കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും കായികവും വകുപ്പ് മന്ത്രി)** |

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള കടബാധ്യത എത്രയാണെന്നും, ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകുവാനുണ്ടെന്നും അറിയിക്കാമോ;

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് നിലവിൽ 3514.72 ലക്ഷം രൂപയുടെ ബാധ്യതയുണ്ട്.

(രൂപ ലക്ഷം രൂപയിൽ)

| | |
|---|---|
| പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ | 138.01 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 5.88 |
| പ്രൊവിഡന്റ് ഫണ്ട് | 152.27 |
| ഇ.എസ്.ഐ | 3.75 |
| ഗ്രാറ്റുവിറ്റി | 72.92 |
| സർക്കാർ ലോൺ | 2776.89 |
| കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് | 20.00 |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 250.00 |
| മറ്റ് കുടിശ്ശികകൾ | 95.00 |
| **ആകെ** | **3514.72** |

(ബി) പ്രസ്തുത സ്ഥാപനം നവീകരിച്ച് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിനും ആധുനികവൽക്കരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേയ്ക്കായി 57.39 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സിയ്ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ മില്ലിന് നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ

പ്രവർത്തനത്തിലേയ്ക്കായി പുതിയ മെഷീനറികൾ വാങ്ങേണ്ടതും, പഴയ മെഷിനറികൾ വിൽക്കേണ്ട തുമുണ്ട്. ആയതിലേയ്ക്കായി ഇ-ടെൻഡർ നടപടി കൾ പൂർത്തിയായി വരുന്നു. നവീകരണപദ്ധതി നടപ്പിലാക്കുന്നതോടെ ഉൽപാദനശേഷി കൂട്ടുന്ന തിനും ഗുണമേന്മയുള്ള നൂൽ ഉൽപാദിപ്പിച്ച് മിൽ ലാഭകരമായി പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**